

# നോമ്പ് രണ്ടാം ചൊവ്വ - മത്താ 7: 7-12

പ്രാർഥനയുടെ ശക്തിയും ആവശ്യകതയും വെളിപ്പെടുത്തുന്ന സുവിശേഷഭാഗമാണിത്. ചോദിക്കുവാനും, അന്വേഷിക്കുവാനും, മുട്ടുവാനും ആണ് ഈശോ നമ്മോട് ആവശ്യപ്പെടുന്നത്. കാരണം, ചോദിക്കുന്നതും, അന്വേഷിക്കുന്നതും, മുട്ടുന്നതുമെല്ലാം പ്രാർത്ഥനയുടെ വിവിധഭാവങ്ങളാണ്. അലസന്മാർക്കും മടിയന്മാർക്കുമല്ല മറിച്ച് അദ്ധ്വാനിക്കുന്നവർക്കും അപേക്ഷിക്കുന്നവർക്കും മുമ്പിലാണ് സ്വർഗരാജ്യവാതിലുകൾ തുറക്കപ്പെടുന്നത്. പ്രാർഥനവഴി ദൈവപിതാവിനോട് ചോദിക്കുവാനും, കർമ്മം വഴിയായി ദൈവഹിതം അന്വേഷിക്കുവാനും, പുണ്യജീവിതം വഴിയായി സ്വർഗരാജ്യവാതിലുകളിൽ മുട്ടുവാനും നമുക്ക് ശ്രമിക്കാം.

ചോദിക്കുകയും, അന്വേഷിക്കുകയും, മുട്ടുകയും ചെയ്യുന്നവർക്ക് ഫലം ലഭിക്കുമെന്ന് വ്യക്തമാക്കാനാണ് അപ്പത്തെയും മത്സ്യത്തെയും കുറിച്ച് ഈശോ ഇവിടെ പരാമർശിക്കുന്നത്. മത്സ്യം വിശ്വാസത്തെയും അപ്പം സ്നേഹത്തെയും സൂചിപ്പിക്കുന്നതായി വി. ആഗസ്തിനോസ് പ്രസ്താവിക്കുന്നു. അതായത്, വിശ്വാസം മാമ്മോദീസ ജലത്തിലൂടെയും, സ്നേഹം വി. കുർബാനയിലൂടെയും ഈശോ നമ്മിൽ ജനിപ്പിക്കുകയും നട്ടുവളർത്തുകയും ചെയ്യുന്നു.

ആരാധനക്രമകമ്മീഷൻ
മൗണ്ട് സെന്റ് തോമസ്, കാക്കനാട്